ഗണിതശാസ്ത്രത്തിലെ
പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# പീയർ സൈമൺ ലാപ്ളസ്



പിയർ സൈമൺ ലാപ്ളസ്

'ഫ്രാൻസിലെ ന്യൂട്ടൺ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാർക്വിസ് പീയർ സൈമൺ ലാപ്ളസ് 1749 മാർച്ച് 23ന് ഫ്രാൻസിലെ നോർമൻസിയിൽ ഒരു കർഷകത്തൊഴിലാളിയുടെ മകനായി ജനിച്ചു. ബാല്യത്തിൽ തന്നെ ഗണിതശാസ്ത്രത്തിൽ നല്ല സാമർത്ഥ്യം കാണിച്ചു. പക്ഷേ ദാരിദ്ര്യം നിമിത്തം കൂടുതൽ പഠിക്കാൻ സാധിച്ചില്ല. സ്വന്തം പരിശ്രമത്തിലൂടെ ഗണിതത്തിൽ സമർത്ഥനാകാൻ സാധിച്ചു.

ലാപ്ളസിന്റെ വീടിനടുത്തുള്ള ബ്ലൂമോണ്ട് സൈനിക അക്കാദമിയിലെ മത്സരത്തിൽ പങ്കെടുക്കുകയും നല്ല പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. അക്കാദമി അധികാരികൾക്ക് ലാപ്ളസിന്റെ കഴിവുകളിൽ മതിപ്പു തോന്നുകയും അവർ അക്കാദമിയിൽ ചെറിയൊരു ജോലി നല്കുകയും ചെയ്തു.

## വഴിത്തിരിവ്

ഗണിതശാസ്ത്രത്തിൽ പാണ്ഡിത്യം നേടാൻ ലാപ്ളസ് അമിതമായി ആഗ്രഹിച്ചിരുന്നു. അക്കാലത്ത് പാരീസായിരുന്നു ഗണിതശാസ്ത്രജ്ഞന്മാരുടെ പറുദീസ. ഗണിതലോകം കീഴടക്കാൻ അദ്ദേഹം പാരീസിലേക്ക് പോയി. പാരീസിലെത്തിയ ലാപ്ളസ്, ദാലംബേറിനെ സന്ദർശിച്ചു. ദാലംബേർ, ലാപ്ളസിനെ സ്വീകരിച്ചില്ല.

മെക്കാനിക്സിലെ ചില തത്ത്വങ്ങളെപ്പറ്റി വിശദീകരിക്കുന്ന ഒരു കത്ത് ലാപ്ളസ് ദാലംബേറിന് അയച്ചുകൊടുത്തു. ഈ കത്ത് ദാലംബേറിനെ അത്ഭുതപ്പെടുത്തി. അദ്ദേഹം ലാപ്ളസിനെ പാരീസിലെ സൈനിക അക്കാദമിയിൽ ഒരു ജോലി സമ്പാദിക്കാൻ സഹായിച്ചു. ഗണിതശാസ്ത്രത്തിൽ കൂടുതൽ ഗവേഷണം നടത്താൻ ദാലംബേർ, ലാപ്ളസിനോട് ആവശ്യപ്പെട്ടു. ലാപ്ളസ് ഗണിതശാസ്ത്രഗവേഷണങ്ങളിൽ വ്യാപൃതനായി. പാരീസിലെ മഹാപണ്ഡിതന്മാരുമായി ബന്ധപ്പെടാനും ലാപ്ളസിന് ഇതുവഴി അവസരം ലഭിച്ചു.

**ഏതുമാർഗം അവലംബിച്ചും സ്ഥാനമാനങ്ങളും സുഖഭോഗങ്ങളും നേടിയെടുക്കുന്നതായിരുന്നു ലാപ്ളസിന്റെ ജീവിത ശൈലി. തന്റെ സഹപ്രവർത്തകനായിരുന്ന ലാവോസിയറുടെ ശിരസ്സ് ഗില്ലറ്റിൻ യന്ത്രം രിഞ്ഞുവീഴ്ത്തിയപ്പോഴും തന്ത്രശാലിയായ ലാപ്ളസ് ഭരണാധികാരികളുടെ കണ്ണിലുണ്ണിയായിരുന്നു.**

വ്യാഴത്തിന്റെ സഞ്ചാരപഥം തുടർച്ചയായി ചെറുതാവുകയും അതോടൊപ്പം ശനിയുടേത് വലുതായി വരികയും ചെയ്യുന്ന ഒരു പ്രതിഭാസം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽപെട്ടു. പക്ഷേ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ആർക്കും വിശദീകരിക്കാനായില്ല.

ആകർഷണസിദ്ധാന്തം ആവിഷ്ക്കരിച്ച ഐസക് ന്യൂട്ടനുപോലും തൃപ്തികരമായ ഒരു വിശദീകരണം കണ്ടുപിടിക്കാൻ സാധിച്ചില്ല. ന്യൂട്ടന്റെ ആകർഷണസിദ്ധാന്തം ഉപയോഗിച്ചുതന്നെ ലാപ്ളസ് ഈ പ്രതിഭാസത്തിന് ഒരു വ്യാഖ്യാനം നല്കി. ഈ കണ്ടുപിടുത്തം ലാപ്ളസിന് പാരീസ് അക്കാദമിയിൽ അംഗത്വം നേടാൻ സഹായകമായി.

ന്യൂട്ടനും ലീബ്നിസും അടിത്തറപാകിയ കാൽക്കുലസ് എന്ന ശാസ്ത്രശാഖ ലാപ്ളസിന്റെ ഗവേഷണ വിഷയമായി. ഈ ശാഖയിൽ ലാപ്ളസ് അനേകം കണ്ടുപിടുത്തങ്ങൾ നടത്തുകയുണ്ടായി. ലാപ്ളസിന്റെ ജ്യോതിശ്ശാസ്ത്രത്തിലെ കണ്ടുപിടുത്തങ്ങളും ശ്രദ്ധേയങ്ങളാണ്.

ജ്യോതിശ്ശാസ്ത്രത്തിൽ ഒരു പുതിയ സമീപന രീതി തന്നെ അദ്ദേഹം വളർത്തിയെടുത്തു. ഗ്രഹങ്ങളുടെ സഞ്ചാരപഥങ്ങളുടെ ചായ്‌വ്, അതിൽ വരുന്ന മാറ്റങ്ങൾ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, അവയുടെ ഉത്ഭവം എന്നിവയിൽ അദ്ദേഹം നിരവധി കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. ലാപ്ളസ് ഡിഫ്രൻഷ്യൽ സമവാക്യം, ലാപ്ളസ് സിദ്ധാന്തം, ലാപ്ളസ് വിതരണം, ലാപ്ളസ് നിബന്ധനകൾ തുടങ്ങി എത്രയോ കണ്ടുപിടിത്തങ്ങൾ അദ്ദേഹം നടത്തിയിരുന്നു.

## അവസരവാദി എന്ന ആരോപണം

അമൂല്യമായ നിരവധി കണ്ടുപിടുത്തങ്ങളിലൂടെ മഹാനായി മാറിയ ലാപ്ളസ് ഒരു അവസരവാദിയായിട്ടാണ് അറിയപ്പെടുന്നത്. ഭരണാധികാരികളുടെ കണ്ണിലുണ്ണിയായി സുഖസമൃദ്ധമായ ജീവിതം നയിക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. ചെറുപ്പകാലത്ത് അയൽപക്കത്തെ പ്രഭുകുടുംബങ്ങളിലെ വളർത്തുനായകളുടെ ജീവിതത്തിൽ ലാപ്ളസ് അസൂയപ്പെട്ടിരുന്നുവത്രെ!

**വ്യാഴത്തിന്റെ സഞ്ചാരപഥം തുടർച്ചയായി ചെറുതാവുകയും അതോടൊപ്പം ശനിയുടേത് വലുതായി വരികയും ചെയ്യുന്ന ഒരു പ്രതിഭാസം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽപെട്ടു. പക്ഷേ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ആർക്കും വിശദീകരിക്കാനായില്ല. ആകർഷണസിദ്ധാന്തം ആവിഷ്ക്കരിച്ച ഐസക് ന്യൂട്ടനുപോലും തൃപ്തികരമായ ഒരു വിശദീകരണം കണ്ടുപിടിക്കാൻ സാധിച്ചില്ല. ന്യൂട്ടന്റെ ആകർഷണസിദ്ധാന്തം ഉപയോഗിച്ചുതന്നെ ലാപ്ളസ് ഈ പ്രതിഭാസത്തിന് ഒരു വ്യാഖ്യാനം നല്കി. ഈ കണ്ടുപിടുത്തം ലാപ്ളസിന് പാരീസ് അക്കാദമിയിൽ അംഗത്വം നേടാൻ സഹായകമായി.**

ഏതുമാർഗം അവലംബിച്ചും സ്ഥാനമാനങ്ങളും സുഖഭോഗങ്ങളും നേടിയെടുക്കുന്നതായിരുന്നു ലാപ്ളസിന്റെ ജീവിത ശൈലി. തന്റെ സഹപ്രവർത്തകനായിരുന്ന ലാവോസിയറുടെ ശിരസ്സ് ഗില്ലറ്റിൻ യന്ത്രം അരിഞ്ഞുവീഴ്ത്തിയപ്പോഴും തന്ത്രശാലിയായ ലാപ്ളസ് ഭരണാധികാരികളുടെ കണ്ണിലുണ്ണിയായിരുന്നു.

ലൂയി പതിനാറാമന്റെയും മേരി അന്റോണിന്റെയും വിശ്വസ്ത സേവകനായി ജീവിച്ചിരുന്ന ലാപ്ളസ് ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജനകീയ ഭരണത്തിന്റെ സ്തുതിപാഠകനായി മാറി. മാറി മാറി വരുന്ന ഭരണാധികാരികളോട് എപ്പോഴും കാലുമാറ്റത്തിലൂടെ വിശ്വസ്തത പുലർത്തുന്നതിലും സ്വന്തം ജീവിതം എപ്പോഴും ഭദ്രമാക്കുന്ന കാര്യത്തിലും ലാപ്ളസ് ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. അവസരവാദത്തെ ഒരു കലയും ശാസ്ത്രവുമായി വളർത്തിയെടുത്ത ലാപ്ളസ് 1827 മാർച്ച് 5-ാം തീയതി പാരീസിൽ അന്തരിച്ചു.

## സ്മരണാഞ്ജലി

### ആമി ഒരോർമ

**മിനി സാവിയോ**



മലയാളത്തനിമയെ മാറോടണച്ചും
മറുനാട്ടിൽ മലയാളപ്പെരുമയുണർത്തിയും
ചിരിച്ചും ചിരിപ്പിച്ചും
സ്നേഹിച്ചും സ്നേഹിപ്പിച്ചും
കടന്നുപോയ് 'മാനസി;'
കപടസദാചാര മൂല്യങ്ങൾ
കാറ്റിൽ പറത്തിയും
ആധുനികതയെ കൈപിടിച്ചും
കേരളീയതയിൽ സ്വയം മറന്നും
ജീവിച്ചു കൊതിതീരാതെ
കൊഴിഞ്ഞ 'നീർമാതളം.'
ബാല്യകൗമാരയൗവനങ്ങൾ
മനസ്സിൽ കഥകളായ് മെനഞ്ഞ്
വായനക്കാരിലനുഭൂതി പകർന്നും
പുരസ്ക്കാരങ്ങളേറെ നേടിയും
കടന്നുപോയ് 'സുന്ദര കമലം.'
കഴിയില്ല സോദരീ, മലയാളിക്കൊരിക്കലും
മറക്കുവാൻ നീയെന്ന മഹാത്ഭുതത്തെ.
അനശ്വരവാങ്മയങ്ങൾ
ലോകത്തിനേകി നീ
മരണം വരിച്ചാലും മരിക്കാത്തവളായ്
നഷ്ടപ്പെട്ട 'നീലാംബരിയേ.'

വിശകലനം

ജോർജ് കുറ്റിക്കാട്ട്

# ലിങ്കണും ഡാർവിനും തമ്മിലെന്ത്?

> എബ്രഹാം ലിങ്കണിന്റെയും ചാൾസ് ഡാർവിന്റെയും തനതായ ചിന്താരീതിയിലും പ്രവർത്തനശൈലിയിലും ഏറെ സമാനതകളുണ്ടായിരുന്നതായി മനസ്സിലാക്കുവാൻ കഴിയും. എന്തുകൊണ്ടാണിങ്ങനെയെന്നത് ഏറെ ചിന്തനീയവുമാണ്: കെന്റക്കിയിലെ ഒരു സാധാരണ കൃഷിക്കാരന്റെ മകനായി ജനിച്ച എബ്രഹാം ലിങ്കൺ, ഇംഗ്ലണ്ടിലെ സെവേർണിൽ ഒരു ധനിക കുടുംബത്തിലെ ഭിഷഗ്വര പുത്രൻ – ചാൾസ് ഡാർവിൻ. ദാസ്യ വേലയോടും അടിമത്തത്തോടും ഇവരിരുവർക്കും ശക്തമായ എതിർപ്പാണുണ്ടായിരുന്നത്. ഈ മനുഷ്യാവകാശ ധ്വംസനത്തിനെതിരെ അവർ ഇരുവരും തങ്ങളുടേതായ മണ്ഡലങ്ങളിൽ അടിയുറച്ചുനിന്നു പോരാടി.

എബ്രഹാം ലിങ്കണും ചാൾസ് ഡാർവിനും – ഇവർ ഇരുനൂറ് വർഷങ്ങൾക്കു മുമ്പ് ജനിച്ചവരാണ്. ഇരുവരും മനുഷ്യന്റെ സമത്വത്തിൽ ഒരുപോലെ തന്നെ വിശ്വസിച്ചിരുന്നവരുമാണ്.

ഒരാൾ, ചോരപ്പുഴ ഒഴുക്കിയ യുദ്ധം നയിച്ചു. മറ്റേയാൾ, വർഗവിദ്വേഷികളിൽ നിന്നും വർഗവൈരുദ്ധ്യങ്ങളുടെ വിഭിന്നതകളിൽ നിന്നും ആദായം കൊയ്തു. പിറകോട്ടുള്ള ചരിത്രം അവലോകനം ചെയ്താൽ ഇരുവരുടെയും അതത് മേഖലകളിലെപ്രവർത്തനങ്ങൾ വളരെയധികം പരിവർത്തനങ്ങൾക്ക് വഴിയൊരുക്കി എന്നത് വ്യക്തമാണ്. ഇരുവരും ജനിച്ചത് ഒരേ ദിവസം, മരിച്ചത് ഒരേ മാസവും.

അമേരിക്കയിലെ കെന്റക്കി സംസ്ഥാനത്തെ നോളിൻക്രീക്കിനടുത്ത് 1809 ഫെബ്രുവരി 12–ാം തീയതി ഒരു ദരിദ്രകുടുംബത്തിലാണ് എബ്രഹാം ലിങ്കൺ ജനിച്ചത്. സംസ്ഥാനത്തെ കർഷകരിൽ ഭൂരിപക്ഷവും സാമ്പത്തികമായി മെച്ചപ്പെട്ടവരായിരുന്നില്ല. പിതാവ് തോമസും അമ്മ നാൻസിയും സഹോദരി സാറയുമടങ്ങുന്ന ഒരു കൊച്ചു കുടുംബം.

എബ്രഹാം ലിങ്കൺ – വളരെ വലിയ ആത്മവിശ്വാസി, ജന്മനാൽതന്നെ രാഷ്ട്രീയക്കാരനായവൻ എന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാം. മഹാവാഗ്മിയും തന്റെ തന്ത്രപരമായ ഇടപെടലുകളിൽകൂടി ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ച മഹാവ്യക്തിത്വത്തിനുടമയും.

ഡോ. ചാൾസ് ഡാർവിൻ – ഒരു ഇംഗ്ലീഷുകാരൻ. സമ്പന്നൻ. ഒതുങ്ങി ജീവിക്കാനാഗ്രഹിച്ച മഹാപണ്ഡിതൻ. ഒരു നിശ്ശബ്ദനായ എഴുത്തുകാരൻ. ഇതുകൊണ്ടും തീർന്നില്ല. ദൈവശാസ്ത്ര പഠനം ഇടയ്ക്കുവച്ച് മുടങ്ങിപ്പോയെങ്കിലും അതുവരെയുള്ള ചിന്തകളും സങ്കല്പങ്ങളും മറികടന്ന് ശാസ്ത്രരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് നാന്ദികുറിച്ചു.



ഡോ. ചാൾസ് ഡാർവിൻ

ഡോ. ചാൾസ് ഡാർവിന്റെ ഇരുനൂറാം ജന്മദിനം ആചരിക്കുന്ന ഇന്നത്തെ തലമുറ മഹത്തായ മറ്റൊരു ചിന്താശൈലിയും അറിവും പഠനരീതിയും സ്വീകരിക്കുന്നു. ശാസ്ത്രത്തിലെ പുതിയ പുതിയ ആഴങ്ങളിലേക്കുള്ള അന്വേഷണങ്ങളുടെ ഇടയിൽ പലപ്പോഴും വഴിമുടക്കി നില്ക്കുന്ന പ്രതിബന്ധങ്ങൾ ഉണ്ടാകുമ്പോൾ അദ്ദേഹം ലോകത്തിന് കാഴ്ചവച്ച "ജനിതോത്പത്തി" ( The Origin of Species) എപ്പോഴും ഒരു ചൂണ്ടുപലകയായി മാറിയിട്ടുണ്ട്.



എബ്രഹാം ലിങ്കൺ

ലോകരാഷ്ട്രങ്ങളിൽ അമേരിക്കൻ ഐക്യനാടുകൾ മാത്രമായിരുന്നു ശാസ്ത്രലോകത്തിന് ജീവതന്ത്രത്തിലും ഊർജതന്ത്രത്തിലും അമിത പ്രാധാന്യം നല്കി അതിനെ ആഗോള ശാസ്ത്രപഠനവേദിയാക്കി ഉയർത്തിയത്. എബ്രഹാം ലിങ്കണിന്റെയും ചാൾസ് ഡാർവിന്റെയും അർപ്പിതമായ സേവനമില്ലായിരുന്നെങ്കിൽ ഇക്കാര്യം ചിന്തിക്കുവാൻ പോലും സാധ്യമാകുമായിരുന്നില്ലായെന്ന് ശാസ്ത്രലോകം വിശ്വസിക്കുന്നു.

എബ്രഹാം ലിങ്കണിന്റെയും ചാൾസ് ഡാർവിന്റെയും തനതായ ചിന്താരീതിയിലും പ്രവർത്തനശൈലിയിലും ഏറെ സമാനതകളുണ്ടായിരുന്നതായി മനസ്സിലാക്കുവാൻ കഴിയും. എന്തുകൊണ്ടാണിങ്ങനെയെന്നത് ഏറെ ചിന്തനീയവുമാണ്: കെന്റക്കിയിലെ ഒരു സാധാരണ കൃഷിക്കാരന്റെ മകനായി ജനിച്ച എബ്രഹാം ലിങ്കൺ, ഇംഗ്ലണ്ടിലെ സെവേർണിൽ ഒരു ധനിക കുടുംബത്തിലെ ഭിഷഗ്വര പുത്രൻ – ചാൾസ് ഡാർവിൻ. ദാസ്യ വേലയോടും അടിമത്തത്തോടും ഇവരിരുവർക്കും ശക്തമായ എതിർപ്പാണുണ്ടായിരുന്നത്. ഈ മനുഷ്യാവകാശ ധ്വംസനത്തിനെതിരെ അവർ ഇരുവരും തങ്ങളുടേതായ മണ്ഡലങ്ങളിൽ അടിയുറച്ചുനിന്നു പോരാടി.

അടിമവിമോചന പ്രഖ്യാപനം അടിവരയിട്ട് രൂപപ്പെടുത്തിയ എബ്രഹാം ലിങ്കണിന്റെ ഗറ്റിസ്ബർഗ് പ്രസംഗം – അതൊരു പ്രസംഗം മാത്രമായിരുന്നില്ല. ജനാധിപത്യ, ശാസ്ത്രത്തിലടിസ്ഥാനമാക്കി സമാധാനത്തിനും മനുഷ്യസമത്വത്തിനും വേണ്ടിയുള്ള ഒരു ഉടമ്പടി പ്രഖ്യാപനമായിരുന്നു അത്.

ഡോ. ചാൾസ് ഡാർവിനും ഇതിൽ നിന്നും ഒട്ടും തന്നെ വിഭിന്നമല്ലാത്ത ചിന്തകളിലൂടെയും അനുഭവങ്ങളിലൂടെയും ബോധ്യപ്പെട്ടതാണ്, "എല്ലാ മനുഷ്യരും സജാതീയത്വം ഉൾക്കൊള്ളുന്നവരാണെന്ന അറിവ്" അദ്ദേഹത്തിന്റെ ബയോഗ്രഫി എഴുതിയ ജയിംസ് മൂറും അഡ്രിയാൻ ഡെസ്മോൺഡും 'ഡാർവിൻസ് സേക്രഡ് കോസി'ൽ ഇത് തറപ്പിച്ച് സമർത്ഥിക്കുന്നു.

എല്ലാ അടിമത്ത സമ്പ്രദായങ്ങളും അവസാനിപ്പിക്കുകയെന്നത് എബ്രഹാം ലിങ്കണിന്റെയും ചാൾസ് ഡാർവിന്റെയും ജീവിതോദ്യമങ്ങളിലെ പ്രധാന ഭാഗമായിരുന്നു.

"ഒരു അടിമയെപ്പോലും മോചിപ്പിക്കാതെയാണ് ഐക്യം സാധിക്കുന്നതെങ്കിൽ അത് ഞാൻ ചെയ്യും. അഥവാ എല്ലാ അടിമകളെയും മോചിപ്പിക്കുവാൻ കഴിയുമെങ്കിൽ ഐക്യം സംരക്ഷിക്കുവാൻ അപ്രകാരം തന്നെയും ചെയ്യും. അതുമല്ല അവരിൽ കുറച്ചുപേരെ മാത്രം മോചിപ്പിക്കുവാനും മറ്റുള്ളവരെ അതിന് സഹായിക്കുകയുമില്ലായെങ്കിൽ പോലും അത് ഞാൻ ചെയ്യും". അടിമത്തം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും രാജ്യത്തിന്റെ ഐക്യം സംരക്ഷിക്കുവാൻ ഇത് ഏറെ സഹായിക്കുമെന്നു തന്നെയാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. ഇതിലുറച്ചു നിന്നുകൊണ്ടുതന്നെ എബ്രഹാം ലിങ്കൺ തന്റെ നേതൃത്വത്തിൽ നടന്ന ആഭ്യന്തരയുദ്ധത്തിൽ രാജ്യസഖ്യങ്ങളങ്ങിയ "അമേരിക്കൻ ഐക്യനാടുകൾ" രൂപീകരിച്ചു. അടിമത്ത സമ്പ്രദായം അവസാനിപ്പിക്കുകയും വർണവിവേചനത്തിനെതിരെ ശക്തമായ ഒരു അവബോധം രൂപപ്പെടുത്തുകയും ചെയ്യാൻ അദ്ദേഹത്തിനായി.

## അമേരിക്കയിൽ അടിമത്തം വളർന്നതെങ്ങനെ?

അമേരിക്ക സ്വതന്ത്രമായതോടൊപ്പം യൂറോപ്പിൽ അസംസ്കൃത സാധനങ്ങളുടെ വലിയ കുറവ് അനുഭവപ്പെട്ടു. അതേസമയം, അമേരിക്കയിൽ ഫാക്ടറികളും യന്ത്രവത്ക്കരണ പ്രക്രിയയും ഇവയുടെ കുറവുമൂലം അവതാളത്തിലായി. യൂറോപ്പിനെ ആശ്രയിക്കാതെയുള്ള ഒരു യന്ത്രവത്ക്കരണം അസാധ്യമാണെന്ന് മനസ്സിലാക്കിയ അമേരിക്ക പരുത്തി, പുകയില തുടങ്ങിയ ഒട്ടനവധി അസംസ്കൃത സാധനങ്ങൾ തങ്ങളുടെ കപ്പലുകളിൽ യൂറോപ്പിലേക്ക് അയച്ചുതുടങ്ങി. ഇതിനുപകരമായി യന്ത്രങ്ങളും പാർട്ട്സുകളും തിരികെ ലഭിച്ചു. പ്ലാന്റേഷനുകളും ഖനികളും വികസനത്തിന്റെ ഉച്ചകോടിയിലെത്തി. ഇതനുസരിച്ച് തൊഴിലാളികളുടെ കുറവ് കുത്തനെ വർധിച്ചുവന്നു. ഈ സാഹചര്യം യൂറോപ്യൻ കോളനിശക്തികൾ കൃത്യമായി മനസ്സിലാക്കിക്കൊണ്ട് കായശേഷിയുള്ള കറുത്തവർഗക്കാരെ അടിമകളാക്കി കൈമാറ്റം ചെയ്യുന്നതിന് കരാറുണ്ടാക്കി.

അമേരിക്കയിൽ അടിമത്തം പതിനേഴാം നൂറ്റാണ്ടു മുതൽ ഉണ്ടായിരുന്നുവെങ്കിലും അത് ശക്തമായി വ്യാപിച്ചത് യൂറോപ്പുമായുള്ള കരാറുമുതലായിരുന്നു. കപ്പലുകളുടെ ഇടുങ്ങിയ വൃത്തികെട്ട മുറികളിൽ അടച്ചിരുന്ന അടിമകൾക്ക് പ്രകാശം കാണുവാനുള്ള ഭാഗ്യമുണ്ടാകുന്നത് മൂന്നു നാലു മാസങ്ങൾക്കു ശേഷമായിരുന്നു. അപ്പോഴേക്കും പകർച്ചവ്യാധിയിൽപെട്ട് ഏതാണ്ട് എൺപത്തിയഞ്ച് ശതമാനം അടിമകളും മരണത്തിന് കീഴടങ്ങിയിരുന്നു. അങ്ങനെ ദിവസംതോറും അമേരിക്കൻ തുറമുഖങ്ങളിലേക്ക് അടിമകളായി കയറ്റി അയയ്ക്കപ്പെട്ട കറുത്ത വർഗക്കാരുടെ നിസ്സഹായതയുടെ ദയനീയ രോദനം തിരമാലകൾക്കൊപ്പം അലിഞ്ഞുചേർന്നുകൊണ്ടിരുന്നു.

ട്രോപ്പിക്കൽ കാലാവസ്ഥയുള്ള അമേരിക്കയുടെ തെക്കൻ പ്രദേശങ്ങളിലെ ധനിക കർഷകരാണ് അടിമകളെ വാങ്ങി അവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നത്. അതേസമയം വ്യവസായശാലകളും ബാങ്കുകളും മറ്റു സ്ഥാപനങ്ങളും നടത്തി വന്നിരുന്ന വടക്കൻ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിമത്ത വ്യവസ്ഥിതിയെയും അടിമവ്യാപാരത്തെയും അംഗീകരിക്കുവാൻ വിഷമം ഉണ്ടായത് അമേരിക്ക രണ്ടായി പിരിയുവാൻ ഒരു കാരണമായി. വടക്കൻ പ്രദേശത്തുകാരനായ എബ്രഹാം ലിങ്കൺ സ്വാഭാവികമായി ത്തന്നെ അടിമക്കച്ചവടത്തിന് എതിരാവുകയും ചെയ്തു. ഇതോടെ അദ്ദേഹം മനുഷ്യസമത്വത്തിന്റെ പ്രവാചകനായിത്തീർന്നു, സ്വതസ്സിദ്ധമായ നീതിബോധത്തിലുറച്ച പ്രതിജ്ഞയുമായി.

ഇതുപോലെ തന്നെ, ഏറെ സമാനതയോടെ തന്നെയാണ് ഡോ. ചാൾസ് ഡാർവിനും ചെയ്തത്. എന്നാൽ മനുഷ്യനെ സ്വതന്ത്രമാക്കുന്നതിനല്ല മറിച്ച്, പരിണാമവാദം വിശദീകരിച്ചുകൊണ്ട് മനുഷ്യർ എല്ലാവരും സമാനതയുള്ളവരാണെന്നും പരസ്പരം ബന്ധമുള്ളവരാണെന്നും സമർത്ഥിക്കുകയായിരുന്നു അദ്ദേഹം.

>> 18

# മാർക്സിസ്റ്റുപാർട്ടി അഴിമതി പ്രസ്ഥാനമായി അധഃപതിച്ചു

**പി.ടി.ജോസ്**

അഴിമതിക്കെതിരെ ശബ്ദിക്കാൻപോലും കെല്പില്ലാത്ത നിലയിൽ മാർക്സിസ്റ്റുപാർട്ടി അഴിമതി പ്രസ്ഥാനമായി അധഃപതിച്ചതായി കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ആരോപിച്ചു.

കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ നേതൃസംഗമം കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സ്വന്തം പാർട്ടി സെക്രട്ടറി നടത്തിയ സമാനതകളിലാത്ത അഴിമതി സർവജനത്തിനും ബോധ്യമായിട്ടും സാങ്കേതികവും അടിസ്ഥാനരഹിതവുമായ വാദഗതികൾ ഉന്നയിച്ച് അഴിമതിക്കാരനായ പാർട്ടി സെക്രട്ടറിയെ സംരക്ഷിക്കാനായി സിപിഎം സംസ്ഥാന, ദേശീയ നേതൃത്വങ്ങൾ നടത്തുന്ന ശ്രമം അവരെ ഇന്ന് ജനമധ്യത്തിൽ ഏറ്റവും വലിയ നയവഞ്ചകരാക്കിയിരിക്കുന്നു.

സ്വതന്ത്രമായ അന്വേഷണം നടന്നാൽ ലാവ്ലിൻകേസിൽ ജയിലിൽ പോകേണ്ടിവരും എന്ന് ഉറപ്പുള്ളതുകൊണ്ടാണ് രാഷ്ട്രീയമായ സമ്മർദങ്ങൾ ചെലുത്തുക ലക്ഷ്യമാക്കി പതിറ്റാണ്ടുകളായി കൂടെനിന്ന സിപിഐയെപ്പോലും തള്ളിപ്പറഞ്ഞുകൊണ്ട് തീവ്രവാദികളെന്ന് സമൂഹം മുദ്രകുത്തിയവരെ കൂടെനിർത്തുവാൻ പിണറായി തയ്യാറായത്. കേരളത്തിൽ ജനാധിപത്യവിശ്വാസികൾ അദ്ദേഹത്തിന്റെ ആ ഉപജാപത്തിന് നല്കിയ തിരിച്ചടിയാണ് കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പ്.



*കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ നേതൃസംഗമം സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു.*

വർഗസമരവാദവും വരട്ടുതത്ത്വവാദവും പറഞ്ഞുകൊണ്ട് എക്കാലത്തും എല്ലാവരെയും കബളിപ്പിക്കുവാൻ കഴിയില്ല എന്നുള്ളതിന് തെളിവാണ് ഇത്. എന്നാൽ ജനങ്ങൾ നല്കിയ ഈ വ്യക്തമായ മുന്നറിയിപ്പും ഉൾക്കൊള്ളുവാൻ തയ്യാറാകാത്ത സിപിഎം നേതൃത്വം അതിനെതിരെ മുഖം തിരിക്കുന്നു.

ആണവകരാറിന്റെ പേരിൽ യുപിഎ സർക്കാരിനുള്ള പിന്തുണ പിൻവലിച്ചതാണ് ദേശീയ തലത്തിൽതന്നെ ഇടതുമുന്നണിക്കുവൻ തിരിച്ചടിയേറ്റതിന് കാരണമെന്ന് സിപിഐ പറയുന്നു. ഈ തീരുമാനം പ്രകാശ് കാരാട്ടിന്റെ ശാഠ്യംകൊണ്ടുമാത്രമാണ് തങ്ങൾ അംഗീകരിക്കാൻ നിർബന്ധിതരായതെന്നും അതു വൻപിഴവായിത്തീർന്നെന്നും സിപിഐ ദേശീയ സെക്രട്ടറി എ.ബി.ബർദൻ മാധ്യമങ്ങളോട് വെളിപ്പെടുത്തിയിരിക്കുന്നു. ഇടതുമുന്നണിയിൽ സിപിഎമ്മിന്റെ ഏകാധിപത്യമാണ് നടക്കുന്നത് എന്ന വസ്തുതയാണ് ഇതിൽനിന്നും വെളിപ്പെടുന്നത്.

ലാവ്ലിൻകേസുപോലെ അഴിമതി നടന്നു എന്ന് ഇത്ര സംശയരഹിതമായി വ്യക്തമാക്കപ്പെട്ട മറ്റൊരു കേസില്ല. പിണറായിക്കെതിരെ തെളിവുകളില്ല എന്നതല്ല ഇപ്പോൾ കമ്യൂണിസ്റ്റുകാർ അദ്ദേഹത്തെ വിചാരണ ചെയ്യുന്നതിനെതിരായി പറയുന്ന വാദം. മറിച്ച് അദ്ദേഹം രണ്ടുവർഷം വൈദ്യുതിമന്ത്രിയുടെ കസേരയിൽ ഇരുന്നു എന്നതാണ്! ഏകാധിപത്യവാഴ്ചയ്ക്കും ജന്മിത്വത്തിനും എതിരെ മുദ്രാവാക്യങ്ങൾ ഉയർത്തിയ കമ്യൂണിസ്റ്റുപാർട്ടിയുടെ രാഷ്ട്രീയവും സൈദ്ധാന്തികവുമായ അടിത്തറയ്ക്കാണ് ഇവിടെ ഇളക്കം തട്ടുന്നത്.

അണികൾക്കാവശ്യമില്ലാത്ത കോർപ്പറേറ്റുകളായ ഏതാനും നേതാക്കളുടെ മാത്രം സങ്കേതമായി സിപിഎം എന്ന രാഷ്ട്രീയപ്രസ്ഥാനം അധഃപതിച്ചിരിക്കുന്നു എന്നതിന് കഴിഞ്ഞ ഏതാനും ആഴ്ചകളിലെ പത്രങ്ങൾ തന്നെ തെളിവ് - പി.ടി.ജോസ് കൂട്ടിച്ചേർത്തു.

കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ പ്രസിഡണ്ട് പി.വി.മൈക്കിൾ അധ്യക്ഷത വഹിച്ചു. കെ.എം.ചാക്കോ, മൈക്കിൾ പൂവത്താനി, അഡ്വ.സന്തോഷ്, സേവ്യർ കളരിമുറി, ഷിനോജ് ചാക്കോ, വിജയ് എം.ജോർജ്, അഡ്വ.ബെന്നി, സാജു പാന്തയ്ക്കൽ, ടോമി വാഴപ്പള്ളി, ബാബു നെടിയകാലാ, മാർട്ടിൻ ചെട്ടിയിൽ, ചാണ്ടി കടുകമ്മാക്കൽ, എ.കുഞ്ഞിക്കോട് നായർ, സ്റ്റീഫൻ മുരിക്കുന്നിൽ എന്നിവർ പ്രസംഗിച്ചു.

## ലിങ്കണും ഡാർവിനും തമ്മിലെന്ത്?

>> 17

എന്നാൽ ഒരു കാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇരുവരുടെയും പ്രവർത്തനങ്ങളിലെ വൈപരീത്യമാണത്. ഐക്യനാടുകളെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ എബ്രഹാം ലിങ്കണ് ഒരു യുദ്ധം നയിക്കേണ്ടി വന്നു. ആറുലക്ഷത്തി ഇരുപതിനായിരത്തോളം പേർ പോർക്കളത്തിൽ മരിച്ചു വീണു. പക്ഷേ യഥാർത്ഥ മരണസംഖ്യ ഇതിലും എത്രയോ കൂടുതലാണ്. കൂടാതെ അടിച്ചമർത്തപ്പെട്ടിരുന്ന തെക്കൻ പ്രവിശ്യകൾ പതിറ്റാണ്ടുകളോളം തകർന്നടിഞ്ഞു കിടന്നു.

ഐക്യനാടുകളെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ എബ്രഹാം ലിങ്കണ് ഒരു യുദ്ധം നയിക്കേണ്ടി വന്നു. ആറുലക്ഷത്തി ഇരുപതിനായിരത്തോളം പേർ പോർക്കളത്തിൽ മരിച്ചു വീണു. പക്ഷേ യഥാർത്ഥ മരണസംഖ്യ ഇതിലും എത്രയോ കൂടുതലാണ്. കൂടാതെ അടിച്ചമർത്തപ്പെട്ടിരുന്ന തെക്കൻ പ്രവിശ്യകൾ പതിറ്റാണ്ടുകളോളം തകർന്നടിഞ്ഞു കിടന്നു.

യന്ത്രവത്കൃത യുദ്ധോപകരണങ്ങൾ ഉപയോഗിച്ചുള്ള ആദ്യത്തെ യുദ്ധമെന്ന ചരിത്രപ്രാധാന്യമുള്ള ഈ യുദ്ധത്തിന്റെ അവസാന ഫലം ഭീകരമായിരുന്നു. എതിർ സൈന്യങ്ങളെ വകവരുത്തുക മാത്രമായിരുന്നില്ല മറിച്ച് നിരപരാധികളായ അവിടത്തെ സാധാരണക്കാരായ ജനങ്ങളെയും ഇല്ലായ്മ ചെയ്തു. അൻഡേർസൻ ക്യാമ്പിലുണ്ടായിരുന്ന തടവുകാരിൽ നാല്പതുശതമാനവും മരണത്തിനിരയായി.

1865 ഏപ്രിൽ പതിനാലാം തീയതി, ദുഃഖവെള്ളിയാഴ്ച തന്റെ ഭാര്യയുമൊത്ത് നാടക തിയേറ്ററിലിരിക്കുമ്പോൾ വിൽക്കെസ് ബൂത്ത് എന്ന ഘാതകൻ എബ്രഹാം ലിങ്കണെ വെടിവച്ചു കൊന്നു. യാഥാസ്ഥിതിക ചേരിയുടെ കടുത്ത വെല്ലുവിളികളെ നേരിട്ടുകൊണ്ട് തന്റെ കർമമണ്ഡലത്തിലെ ആത്മാർത്ഥവും സ്തുത്യർഹവുമായ പ്രവർത്തനങ്ങൾ വഴി മനുഷ്യർക്കിടയിലെ സമത്വത്തിനും സഹവർത്തിത്വത്തിനും സുദൃഢമായ ശാസ്ത്രീയ അടിത്തറ പണിത ചാൾസ് ഡാർവിൻ 1882 ഏപ്രിൽ 19-ാം തീയതി കെന്റിൽ അന്തരിച്ചു.

## കോളജ് അഫിലിയേഷൻ റദ്ദാക്കൽ ന്യൂനപക്ഷപീഡനം

**കെ.എസ്.സി (എം)**

ന്യൂനപക്ഷവിഭാഗങ്ങളുടെ കോളജ് അഫിലിയേഷൻ റദ്ദാക്കുവാനുള്ള ഇടതുസർക്കാർ നീക്കം ജനാധിപത്യധ്വംസനമാണെന്ന് കെ.എസ്.സി(എം) സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു ആരോപിച്ചു.

ന്യൂനപക്ഷ നേതൃത്വവുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് ആവർത്തിച്ചു പറയുന്ന വിദ്യാഭ്യാസമന്ത്രി എം.എ.ബേബി ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ഹനിക്കുവാനാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ നയവും പാർട്ടി തീരുമാനങ്ങളും അംഗീകരിക്കുവാൻ തയ്യാറാകാത്തവരെ ഉന്മൂലനം ചെയ്യുക എന്ന ഹിഡൺ അജണ്ടയാണ് വിദ്യാഭ്യാസമന്ത്രിയും കൂട്ടരും നടത്തിക്കൊണ്ടിരിക്കുന്നത്. അമല, ജൂബിലി മെഡിക്കൽ കോളജുകൾ സഹൃദയ, ജ്യോതി എൻജിനീയറിംഗ് കോളജുകൾ എന്നിവയുടെ അഫിലിയേഷൻ റദ്ദാക്കൽ നടപടി വിദ്യാഭ്യാസമന്ത്രിയുടെ പകപോക്കലാണ്.

കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ന്യൂനപക്ഷസമുദായങ്ങൾ വഹിച്ചിട്ടുള്ള പങ്ക് സ്തുതർഹ്യമാണ്. എന്നാൽ ഈ ചരിത്രയാഥാർത്ഥ്യത്തെ നിഷേധിക്കുകയും ന്യൂനപക്ഷ സമുദായനേതൃത്വത്തെ വിദ്യാഭ്യാസകച്ചവടക്കാരായി ചിത്രീകരിക്കുകയും ചെയ്യുന്ന ഇടതുനേതൃത്വം ഇവിടെ ഭരണഘടനാനുസൃതം പ്രവർത്തിക്കുന്ന കോടതികളുണ്ട് എന്ന് മറന്നുപോകുന്നു.

## ഇടുക്കിയിൽ എൻട്രൻസ് സെന്റർ അനുവദിക്കും

ഇടുക്കിയിൽ എൻട്രൻസ് എക്സാമിനേഷൻ സെന്റർ അനുവദിക്കാമെന്ന് വിദ്യാഭ്യാസമന്ത്രി എം.എ. ബേബി, റോഷി അഗസ്റ്റിൻ എംഎൽഎയ്ക്ക് ഉറപ്പുനല്കി.

ജില്ലയുടെ ഭൂപ്രകൃതിയും കൂടുതൽ വിദ്യാർത്ഥികൾ എൻട്രൻസ് പരീക്ഷകളിൽ നേടുന്ന വിജയവും സെന്റർ അനുവദിക്കുന്നതിന് വേണ്ടിയുള്ള ശക്തമായ സമ്മർദവും മൂലമാണ് ഈ ഉറപ്പു ലഭിച്ചത്.

കോട്ടയം ഉൾപ്പെടെയുള്ള സമീപ ജില്ലകളെയാണ് എൻട്രൻസ് പഠനത്തിനായി ഇടുക്കിയിലെ ആയിരകണക്കിന് വിദ്യാർത്ഥികൾ ഇന്ന് ആശ്രയിക്കുന്നത്. ഇത് അവർക്ക് അമിതചിലവും മറ്റ് ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നു. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം എന്ന നിലയിലാണ് ജില്ലയിൽ എൻട്രൻസ് സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നത്.

കെഎസ്സി (എം) ദീർഘകാലമായി ഈ ആവശ്യം ശക്തമായി ഉന്നയിച്ചുവരികയായിരുന്നു.

CYAN MAGENTA YELLOW BLACK






പി. ആർ.



## കേരളം

14. സ്മാർട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയിൻമേലുള്ള അവകാശം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അവ്യക്തത തുടരുന്നതിനാൽ, പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ബ്രിട്ടീഷ് കമ്പനിയായ കോളിൻ ബെക്കനുമായുണ്ടാക്കിയ കൺസൾട്ടൻസി കരാർ ടീകോം അവസാനിപ്പിച്ചു.

- എസ്എൻഡിപി യോഗം ചെന്നൈ യൂണിയൻ പ്രസിഡണ്ട് ഗോകുലം ഗോപാലൻ ചെയർമാനായും വൈസ് പ്രസിഡണ്ട് എം.ബി.ശ്രീകുമാർ ജനറൽ സെക്രട്ടറിയായും ശ്രീനാരായണ ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിച്ചു.

15. അംഗീകാരമില്ലാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കാതെ പിൻമാറിയ വിദ്യാഭ്യാസമന്ത്രി പൊതുസമൂഹത്തെ വഞ്ചിച്ചെന്നും മന്ത്രിക്കെതിരെ പ്രക്ഷോഭം തുടങ്ങാൻ മടിക്കില്ലെന്നും എഐഎസ്എഫ്.

- എസ്എൻഡിപി, എൻഎസ്എസ് ഉൾപ്പെടെയുള്ള സാമുദായിക സംഘടനകൾ തങ്ങളിൽ നിക്ഷിപ്തമായ പ്രധാന ഉത്തരവാദിത്വങ്ങളിൽ നിന്നും പിൻമാറിയതായി സുഗതകുമാരി.



16. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ക്രമക്കേടും ജനപ്രാതിനിധ്യനിയമത്തിന്റെ ലംഘനവും ആരോപിച്ച് റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രനെതിരെ എതിർസ്ഥാനാർത്ഥിയായിരുന്ന ഉമേഷ് ചള്ളിയിൽ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.

17. 1959ൽ ആദ്യ കമ്യൂണിസ്റ്റ് സർക്കാരിന്റെ ജനവിരുദ്ധ സമീപനത്തിനെതിരെയുള്ള സ്വാഭാവികമായ ജനമുന്നേറ്റം മാത്രമായിരുന്നു വിമോചനസമരമെന്നും അതിൽ കുറ്റബോധമില്ലെന്നും കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.



- സ്മാർട്സിറ്റിയുമായി ബന്ധപ്പെട്ട് ടീകോം അധികൃതർക്കുള്ള സംശയങ്ങൾ ദുരീകരിക്കുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.



18. നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ കാസർകോട് പെരിയബസാർ ശാഖയിൽനിന്ന് നാലരക്കോടിരൂപയുടെ സ്വർണവും ആറേമുക്കാൽ ലക്ഷം രൂപയും കവർന്നു.

- സംസ്ഥാനനേതൃത്വത്തോടാലോചിക്കാതെ കേരളത്തിലെ പാർട്ടി എംഎൽഎമാർ ഇപ്പോഴും ഇടതുമുന്നണിക്കൊപ്പമാണെന്ന് സ്പീക്കർക്ക് കത്തെഴുതിയ ദേശീയ പ്രസിഡണ്ട് എച്ച്.ഡി.ദേവെഗൗഡയുടെ നടപടി ജനാധിപത്യമര്യാദയ്ക്ക് എതിരാണെന്ന് ജനതാദൾ (എസ്) സംസ്ഥാന സെക്രട്ടറി കെ.കൃഷ്ണൻകുട്ടി.

19. പിണറായി വിജയന്റെ പണം വാങ്ങിയിട്ടാണു താൻ പ്രസംഗിക്കുന്നതെന്നു പറയുന്നവർ അധമൻമാരും നീചന്മാരുമാണെന്നും ഇപ്പോൾ തന്റെ പ്രസംഗത്തിനു പെട്രോളിന്റെ വിലയേ ഉള്ളുവെന്നും ഡോ.സുകുമാർ അഴീക്കോട്.

- പാർട്ടി കേന്ദ്രനേതൃത്വത്തിനെതിരെ പ്രസ്താവന നടത്തിയെന്നാരോപിച്ച ജനതാദൾ (എസ്) സംസ്ഥാന സെക്രട്ടറി ജനറൽ കെ.കൃഷ്ണൻകുട്ടിയെ ദേശീയ അധ്യക്ഷൻ എച്ച്.ഡി.ദേവഗൗഡ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽനിന്നും സസ്പെൻഡ് ചെയ്തു.

20. എൻഎസ്എസ് പ്രസിഡണ്ടായി പി.വി.നീലകണ്ഠപിള്ള മൂന്നാംതവണയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

- കോട്ടയം മണിമല സ്വദേശിയായ ഫാ. അലക്സ് തോമസ് കാളിയാനി (49) യെ സിംബാബ്വെയിലെ ബുലവായോ ആർച്ച് ബിഷപ്പായി ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചു.
- മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ആവശ്യമായ സംവരണം ഏർപ്പെടുത്തണമെന്ന് എൻഎസ്എസ്.



## ദേശീയം

14. കുറ്റപത്രം സമർപ്പിക്കപ്പെട്ടതിന്റെ പേരിൽ ലാലു പ്രസാദ് യാദവ്, എൽ.കെ. അഡ്വാനി തുടങ്ങിയവർക്കെതിരെ ശക്തമായി പ്രതികരിച്ചിട്ടുള്ളവരാണ് താനുൾപ്പെടെയുള്ള സിപിഎം നേതാക്കളെന്നും, അതിനാൽ പിബി അംഗം കൂടിയായ പിണറായി വിജയനെതിരെ ലാവ്ലിൻ കേസിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ നടപടി സ്വീകരിക്കണമെന്നും മുൻ ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി.



- ആഗോളസാമ്പത്തിക പ്രതിസന്ധിയുടെയും മറ്റും പശ്ചാത്തലത്തിൽ അടുത്ത വർഷം ഐടി മേഖലയിൽ പുതിയ തൊഴിലവസരങ്ങളുടെ എണ്ണം പകുതിയായി കുറയുമെന്ന് അസിം പ്രേംജി.

15. പശ്ചിമബംഗാളിലുൾപ്പെടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയ്ക്കുണ്ടായ പരാജയത്തിന് പ്രധാന കാരണം ആണവകരാറിന്റെ പേരിൽ ഇടതുസർക്കാരിനുള്ള പിന്തുണ പിൻവലിച്ചതാണെന്നും ഇതിന് വഴിവച്ചത് പ്രകാശ് കാരാട്ടിന്റെ ശാഠ്യമാണെന്നും സിപിഐ ദേശീയ സെക്രട്ടറി എ.ബി.ബർദൻ.



- മുംബൈ ഭീകരാക്രമണം സംബന്ധിച്ച് രാം പ്രധാൻ കമ്മിറ്റിയുടെ റിപ്പോർട്ട് മഹാരാഷ്ട്ര നിയമസഭയിൽ സമർപ്പിച്ചു.

16. കേരളസർക്കാർ സമർപ്പിച്ച കുട്ടനാട്, ഇടുക്കി കാർഷിക പുനരുദ്ധാരണപാക്കേജുകൾ നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ കേന്ദ്രസർക്കാർ തിരിച്ചയച്ചു.

- ബിജെപി ദേശീയ ജനറൽ സെക്രട്ടറി സ്ഥാനം അരുൺ ജെയ്റ്റ്ലി രാജിവച്ചു.



- ലാവ്ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ സിബിഐയ്ക്ക് അനുമതി നല്കിയ ഗവർണറുടെ നടപടിക്കെതിരെ കോടതിയെ സമീപിക്കേണ്ടതില്ലെന്ന് സിപിഎം കേന്ദ്ര നേതൃത്വം.

17. കൊൽക്കത്തയിൽ നിന്നും 170 കിലോമീറ്റർ അകലെ ലാൽഗഡിൽ 700 കോടി ഡോളറിന്റെ ഉരുക്കുനിർമാണശാല സ്ഥാപിക്കുന്നതിനെതിരെ മാവോയിസ്റ്റുകളുടെ നേതൃത്വത്തിൽ ഗ്രാമീണരും ഗോത്രവർഗക്കാരും പ്രക്ഷോഭം തുടരുന്നു.

- ഇന്ത്യയുടെ വ്യോമാതിർത്തി ലംഘിച്ചതിനെത്തുടർന്ന് മുംബൈ വിമാനത്താവളത്തിലിറക്കിയ, അമേരിക്കൻ സൈന്യം വാടകയ്ക്കെടുത്ത റഷ്യൻ വിമാനത്തിലുണ്ടായിരുന്ന സൈനികരെ ചോദ്യം ചെയ്തതിനുശേഷം മടക്കിയയച്ചു.

18. ഒറീസയിലെ കൊറാപ്പുട്ടിൽ മാവോയിസ്റ്റുകൾ സ്ഥാപിച്ച കുഴിബോംബ് പൊട്ടി 11 നക്സൽ വിരുദ്ധ സേനാംഗങ്ങൾ മരിച്ചു.

- ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ ഭഗത്സിംഗ് കോഷിയാരി രാജ്യസഭാംഗത്വം രാജിവച്ചു.

19. പശ്ചിമബംഗാളിലെ ലാൽഗഡ് ഉൾപ്പെടെയുള്ള മേഖലകളിലെ ആദിവാസികളുടെ പ്രശ്നങ്ങൾക്ക് സംസ്ഥാനസർക്കാർ പരിഹാരം കാണണമെന്നും സംസ്ഥാനത്ത് മാവോയിസ്റ്റുകളെ നിരോധിക്കണമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം.



- പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെ മാധ്യമ ഉപദേഷ്ടാവായി ദി ഹിന്ദു പത്രത്തിന്റെ ഡൽഹിയിലെ രാഷ്ട്രീയ കാര്യ എഡിറ്റർ ഹരീഷ് ഖരെയെ നിയമിച്ചു.

20. ഛത്തീസ്ഗഡിലെ ദന്തേവാഡ ജില്ലയിൽ നക്സലുകൾ നടത്തിയ ആക്രമണത്തിൽ 11 സി.ആർ.പി.എഫ് ജവാൻമാർ കൊല്ലപ്പെട്ടു.

- ഗുജറാത്ത് സർക്കാർ സമർപ്പിച്ച തീവ്രവാദവിരുദ്ധബില്ല് അനുമതി നിഷേധിച്ച് കേന്ദ്രസർക്കാർ രണ്ടാമതും തിരിച്ചയച്ചു.





## വിദേശം

14. ഇറാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്നും അതിനാൽ 63 ശതമാനം വോട്ടുകൾ നേടി മഹ്മൂദ് അഹമ്മദി നെജാദ് വിജയിച്ചുവെന്ന ഔദ്യോഗിക ഫലപ്രഖ്യാപനം റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് പരിഷ്കരണവാദികൾ തലസ്ഥാനമായ ടെഹ്റാനിൽ നടത്തിയ പ്രതിഷേധം അക്രമാസക്തമായി.

- ചെറു സ്വകാര്യവിമാനം മൊഹാക് വിമാനത്താവളത്തിനുസമീപം നദിയിൽ തകർന്നുവീണ് യാത്രക്കാരായ അമേരിക്കയിലെ പ്രമുഖ മലയാളി വ്യവസായി മത്തായി കോലത്ത് ജോർജ് (41), മകൻ മാറ്റ് കോലത്ത് ജോർജ് (11), ന്യൂയോർക്കിലെ പ്രശസ്ത സർജൻ ഡോ.ക്രിസ് രാഘവൻ (52) എന്നിവർ മരിച്ചു.

15. എൽടിടിഇക്കെതിരായ യുദ്ധത്തിനുശേഷമുള്ള തന്റെ അടുത്തവെല്ലുവിളി യുദ്ധമേഖലയിൽ നിന്നും പലായനം ചെയ്യേണ്ടിവന്ന തമിഴ്ജനതയുടെ പുനഃരധിവാസമാണെന്ന് ശ്രീലങ്കൻ പ്രസിഡണ്ട് മഹീന്ദ രാജപക്ഷെ.



- ബ്രിട്ടനിൽ പത്തുവർഷത്തിലേറെയായി വർണവിവേചനത്തിനെതിരെ പോരാടുന്ന മലയാളി ശോഭദാസിന് ബ്രിട്ടീഷ് രാജ്ഞിയുടെ 83-ാം പിറന്നാളിനോടനുബന്ധിച്ച് ഏർപ്പെടുത്തിയ മെംബർ ഓഫ് ദി ബ്രിട്ടീഷ് പുരസ്കാരം.

16. അഞ്ച് പതിറ്റാണ്ടായി തുടരുന്ന അകല്ച അവസാനിപ്പിക്കാൻ വ്യവസ്ഥകളില്ലാത്ത ചർച്ചകൾക്കു തയ്യാറാണെന്ന അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയുടെ നിർദേശം തള്ളിക്കളയരുതെന്ന് ഇറാൻ പ്രസിഡണ്ട് മഹ്മൂദ് അഹമ്മദി നെജാദിനോട് അന്താരാഷ്ട്ര ആണവോർജ ഏജൻസി തലവൻ മുഹമ്മദ് എൽബറാദേയി.



- ഇന്ത്യക്കെതിരായ തീവ്രവാദ പ്രവർത്തനങ്ങൾക്ക് പാകിസ്ഥാന്റെ മണ്ണ് ഉപയോഗിക്കരുതെന്ന് താങ്കളോട് പറയാൻ എന്നെ ഇന്ത്യാക്കാർ ചുമതലപ്പെടുത്തിയതായി റഷ്യയിലെ ഷാങ്ഹായിൽ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി മൻമോഹൻ സിംഗ് പാകിസ്ഥാൻ പ്രസിഡണ്ട് ആസിഫ് അലി സർദാരിയോട് മാധ്യമപ്രവർത്തകരുടെ മുന്നിൽവച്ച് തുറന്നടിച്ചു.



17. തൊഴിലാളിക്ഷേമവും തൊഴിൽ സഹകരണവും ഉറപ്പുവരുത്തുന്നതിനുള്ള തൊഴിൽ-മാനവശേഷി വികസനധാരണാ പത്രത്തിൽ ഇന്ത്യയുടെ പ്രവാസികാര്യമന്ത്രി വയലാർ രവിയും ബഹ്റൈൻ തൊഴിൽ മന്ത്രി ഡോ.മജീദ് അൽ അലവിയും ഒപ്പുവച്ചു.

- ഭീകരാക്രമണ ഭീഷണിയെത്തുടർന്ന് പാകിസ്ഥാനിലെ പെഷാവർ വിമാനത്താവളം അടച്ചു.

18. ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിലെ റുസാഫ ജയിലിലെ അസൗകര്യങ്ങളിലും അധികൃതരുടെ കെടുകാര്യസ്ഥതയിലും പ്രതിഷേധിച്ച് മുന്നൂറോളം തടവുകാർ നിരാഹാരസമരം ആരംഭിച്ചു.

- സൊമാലിയയിലെ ബലാദ്സായിനിൽ തീവ്രവാദികൾ നടത്തിയ ചാവേർ കാർബോംബ് സ്ഫോടനത്തിൽ സുരക്ഷാമന്ത്രി ഒമർ ഹാഷി ഉൾപ്പെടെ 25 പേർ മരിച്ചു.

19. വീട്ടുതടങ്കൽ വ്യവസ്ഥകൾ തെറ്റിച്ചതിന് മ്യാൻമറിലെ പട്ടാളഭരണകൂടം യാങ്കൂണിലെ ജയിലിൽ അടച്ച സ്വാതന്ത്ര്യപ്രക്ഷോഭക ആങ് സാൻ സൂചിയുടെ 64-ാം ജന്മദിനം ലളിതമായ ചടങ്ങുകളോടെ ജയിലിൽ ആചരിച്ചു.

- സൈനികമേധാവി രുക്മാംഗദ് കട്വാളിനെ തത്സ്ഥാനത്തുനിന്നും നീക്കിയ, പ്രചണ്ഡയുടെ നേതൃത്വത്തിലുള്ള മുൻ മാവോയിസ്റ്റ് സർക്കാരിന്റെ നടപടി മാധവ്കുമാർ നേപ്പാളിന്റെ സർക്കാർ റദ്ദാക്കി.



- ദക്ഷിണ അഫ്ഗാനിസ്ഥാനിലെ വിവിധ പ്രദേശങ്ങളിലായി നടത്തിയ ഭീകരവേട്ടയിൽ അഫ്ഗാന്റെ നാറ്റോ സംയുക്തസേന 22 താലിബാൻ തീവ്രവാദികളെ വധിച്ചു.

20. തെരഞ്ഞെടുപ്പുഫലം തെരുവിൽനിന്നല്ല ബാലറ്റുപെട്ടിയിൽനിന്നാണ് വരുന്നതെന്നും, പരിഷ്കരണവാദികൾ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ കൃത്രിമം ആരോപിച്ച് നടത്തുന്ന അക്രമപ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും അവസാനിപ്പിക്കണമെന്നും ഇറാൻ ആത്മീയ നേതാവ് അയത്തുല്ല അലി ഖമേനി താക്കീതു നല്കി.

- പാകിസ്ഥാനിലെ തെക്കൻ വസീറിസ്ഥാനിൽ താലിബാൻ നേതാവ് ബെയ്തുല്ല മെഹ്ബൂദിനെ ലക്ഷ്യമാക്കി സൈന്യം നടത്തിയ കര, വ്യോമാക്രമണങ്ങളിൽ 50 മരണം.



***********

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക

1 ജൂലൈ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

വിദേശക്കാഴ്ച

പ്രിൻസ് രാജ്

# ഇറാനിൽ ചില രാഷ്ട്രീയ കോലാഹലങ്ങൾ

**ജൂൺ 12–ാം തീയതിയിലെ ഇറാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്നും യാഥാസ്ഥിതിക നേതാവും പ്രസിഡണ്ടുമായ മെഹ്മൂദ് അഹമ്മദി നെജാദ് നേടിയ വിജയം റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് പരിഷ്കരണവാദികൾ നടത്തുന്ന പ്രതിഷേധം ശക്തമായി തുടരുന്നു.**

**ഇറാന്റെ പരമോന്നത നേതാവായ അയത്തുള്ള അലി ഖമേനിയാണ് വിജയം ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടത്. എന്നാൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പിലെ നെജാദിന്റെ മുഖ്യ എതിർസ്ഥാനാർത്ഥിയായിരുന്ന മീർ ഹുസൈൻ മൗസവി നല്കിയ പരാതിയാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. ഖമേനി അത് പന്ത്രണ്ടംഗ ഗാർഡിയൻ കൗൺസിലിന് കൈമാറി. അവർ തങ്ങളുടെ തീരുമാനം പ്രഖ്യാപിച്ചു. പത്തുശതമാനം വോട്ടുകൾ റീ കൗണ്ട് ചെയ്യാം. എന്നാൽ ഇതു കേവലം നാല്പതുലക്ഷത്തോളമേ വരികയുള്ളൂ.**

**അഹമ്മദി നെജാദിന്റെ പ്രഖ്യാപിത ഭൂരിപക്ഷമാകട്ടെ ഒരുകോടിയിലധികവും. നെജാദിന്റെ വിജയത്തിന് റീ കൗണ്ടിംഗ് നടന്നാലും ഒന്നും സംഭവിക്കുകയില്ലെന്നർത്ഥം. കൂടാതെ തെരഞ്ഞെടുപ്പ് നടന്ന് ഇരുപത്തിനാല് മണിക്കൂറുകൾ തികയുന്നതിനുമുമ്പ് ഫലപ്രഖ്യാപനം നടത്തി, ലക്ഷക്കണക്കിന് ബാലറ്റുപേപ്പറുകൾ കൂടുതൽ അച്ചടിച്ചു തുടങ്ങിയ ആരോപണങ്ങളും പ്രതിഷേധം കൂടുതൽ ശക്തിപ്പെടുവാനും നെജാദിന്റെ വിജയം സംബന്ധിച്ച് കൂടുതൽ സംശയങ്ങൾ ഉയരുവാനും ഇടയാക്കി.**

**തലസ്ഥാനമായ ടെഹ്റാൻ കേന്ദ്രീകരിച്ചാണ് പ്രതിഷേധങ്ങൾ അലയടിക്കുന്നത്. ഉന്നതനേതൃത്വത്തിന്റെ പോലും നിഷ്പക്ഷതയും രാജ്യത്തെ ജനാധിപത്യത്തിന്റെ മൂല്യവും വിശകലനം ചെയ്യപ്പെടുകയും പരിശോധയ്ക്ക് വിധേയമാക്കപ്പെടുകയും ചെയ്യുന്ന ഈ വിഷയത്തിൽ ഇറാന്റെ പരമോന്നത അധികാരകേന്ദ്രമായ ആത്മീയ നേതാവ് അയത്തുള്ള അലി ഖമേനിയുടെ നിലപാടിനെ ഉറ്റുനോക്കുകയാണ് ലോകജനത.**



*തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് ടെഹ്റാനിൽ നടന്ന റാലിയിൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട മിർ ഹുസൈൻ മൗസവി പ്രവർത്തകരെ അഭിവാദ്യംചെയ്ത് പ്രസംഗിക്കുന്നു.*



*മെഹ്മൂദ് അഹമ്മദിനെജാദിനെ പിന്തുണയ്ക്കുന്ന യാഥാസ്ഥിതികവാദികൾ തലസ്ഥാനമായ ടെഹ്റാനിൽ നടത്തിയ വൻ ആഹ്ലാദ പ്രകടനം.*




*ആണവോർജം ഞങ്ങളുടെ അവകാശമാണ് എന്ന പ്ലക്കാർഡേന്തിയ ഇറാനിയൻ വനിത*



*വിജയപ്രഖ്യാപനത്തിനുശേഷം ഇറാൻ പ്രസിഡണ്ട് മെഹ്മൂദ് അഹമ്മദി നെജാദ്*

**1980 ജനുവരി** – അബോൽ ഹസൻ ബനിസദർ ഇറാന്റെ ആദ്യ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**1980 സെപ്റ്റംബർ 22** – എട്ട് വർഷം നീണ്ടുനിന്ന ഇറാൻ – ഇറാഖ് യുദ്ധം തുടങ്ങി.

**1981 ജനുവരി** – ഇസ്ലാമിക പോരാളികൾ ടെഹ്റാനിൽ തടവിലാക്കിയിരുന്ന 52 അമേരിക്കൻ ഉദ്യോഗസ്ഥരെ 444 ദിവസത്തിനുശേഷം വിട്ടയച്ചു.

**1981 ജൂൺ** – ബനിസദർ സർക്കാർ പുറത്താക്കപ്പെട്ടു.

**1988 ജൂലൈ** – ഇറാഖുമായുള്ള വെടിനിർത്തൽ അംഗീകരിച്ചു.

**1989 ജൂൺ 3** – അയത്തൊള്ള ഖൊമൈനി അന്തരിച്ചു.

**1989 ജൂൺ 4** – ഇറാന്റെ പരമോന്നത നേതാവായി അയത്തൊള്ള അലി ഖൊമേനി അവരോധിക്കപ്പെട്ടു.

**1989 ആഗസ്റ്റ്** – അലി അക്ബർ ഹാഷ്മി റഫ്സഞ്ചാനി പ്രസിഡണ്ടായി ചുമതലയേറ്റു.

**1990 സെപ്റ്റംബർ** – ഇറാഖുമായി നയതന്ത്രബന്ധങ്ങൾ പുനഃസ്ഥാപിച്ചു.

*പേർഷ്യ അതിന്റെ ഔദ്യോഗികനാമധേയം ഇറാൻ എന്നു മാറ്റിയത് 1935ലാണ്. ഇറാന്റെ ഭരണക്രമത്തെയും ചരിത്രത്തെ തന്നെയും തിരുത്തികുറിക്കുന്നതായിരുന്നു 1979ലെ ഇസ്ലാമിക വിപ്ലവം. അന്നത്തെ ഭരണാധികാരിയായിരുന്ന മുഹമ്മദ് റിസാ ഷാ പഹ്ലവിയുടെ പാശ്ചാത്യാനുകൂല സാമ്പത്തിക വ്യവസ്ഥിതിയിലും ബ്രിട്ടണുമായുള്ള സൗഹൃദത്തിലും പ്രതിഷേധിച്ചായിരുന്നു വിപ്ലവം.*

*1978 സെപ്റ്റംബറിൽ പ്രതിഷേധം രൂക്ഷമായതിനെത്തുടർന്ന് ഷാ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. എന്നാൽ ജനകീയമുന്നേറ്റം ശക്തമായതിനാൽ 1979 ജനുവരി 16ന് അദ്ദേഹത്തിന് ഇറാനിൽ നിന്നും പലായനം ചെയ്യേണ്ടി വന്നു. ഈ സാഹചര്യത്തിലാണ് ഫെബ്രുവരി ഒന്നിന്, പരമോന്നത നേതാവായിരുന്ന അയത്തുള്ള റുഹുള്ള ഖൊമൈനി രാജ്യത്ത് മടങ്ങിയെത്തിയത്. ഖൊമൈനി 1964ൽ ഇറാനിൽ നിന്നും പലായനം ചെയ്ത് പ്രവാസജീവിതം നയിക്കുകയായിരുന്നു. ഏപ്രിലിൽ ഹിതപരിശോധന നടത്തിയ ഖൊമൈനി ഇറാന്റെ പരമോന്നത നേതാവായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്നുള്ള ഇറാന്റെ സംഭവവികാസങ്ങളിലൂടെ.*

**1997 മെയ്** – 70% വോട്ടുകൾ നേടി മൊഹമ്മദ് ഖാത്തമി പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ വിജയിച്ചു.

**2001 ജൂൺ** – മൊഹമ്മദ് ഖാത്തമി വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**2005 ജൂൺ** – പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മെഹ്മൂദ് അഹമ്മദി നെജാദ്, മുൻ പ്രസിഡണ്ട് അക്ബർ ഹാഷ്മി റഫ്സഞ്ചാനിയെ പരാജയപ്പെടുത്തി.

**2007 ഏപ്രിൽ** – ആണവ ഇന്ധനം വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുവാൻ തങ്ങൾക്ക് കഴിയുമെന്ന് പ്രസിണ്ട് നെജാദിന്റെ പ്രഖ്യാപനം.

**2007 ജൂലൈ** – പെട്രോൾ മാത്രം ഇന്ധനമായി ഉപയോഗിക്കുന്ന കാറുകളുടെ നിർമാണം നിർത്തുവാനും പെട്രോളും ഗ്യാസും ഇന്ധനങ്ങളായി ഉപയോഗിക്കുന്നവ മാത്രം നിർമിക്കുവാനും സർക്കാർ ഉത്തരവ്.

**2008 മെയ്** – ഇറാൻ പാർലമെണ്ട് സ്പീക്കറായി മുൻ ആണവ സന്ധിസംഭാഷകനായ അലി ലാറിജാനിയെ തെരഞ്ഞെടുത്തു.

**2008 ജൂലൈ** – ദീർഘദൂര മിസൈലായ ഷഹാബ്-3 വിജയകരമായി വിക്ഷേപിച്ചു.

**2008 ഡിസംബർ** – നോബൽ ജേതാവ് ഷിറിൻ ഇബാദിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മനുഷ്യാവകാശ സംഘടനയുടെ ഓഫീസ് രാജ്യത്തിനെതിരായി പ്രവർത്തിക്കുന്നു എന്നാരോപിച്ച് പോലീസ് അടപ്പിച്ചു.

2009 ജൂൺ 12 – പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മെഹ്മൂദ് അഹമ്മദി നെജാദ് 63 ശതമാനം വോട്ടുകൾ നേടി വിജയച്ചിതായി പ്രഖ്യാപനം. തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നതായി ആരോപിച്ച് പരിഷ്കരണവാദികൾ തെരഞ്ഞെടുപ്പ് ഫലം റദ്ദാക്കണമെന്നാവശ്യപ്പെട്ട് മുഖ്യ എതിർ സ്ഥാനാർത്ഥിയായിരുന്ന മീർ ഹുസൈൻ മൗസവിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം തുടങ്ങി.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK